പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4426 19.10.2011-ൽ മറുപടിയ്ക്ക്

<u>മൃഗസംരക്ഷണ വകുപ്പിലെ സി.എ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.പി.ബി.അബ്ദുൾ റസാക് | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൻ കീഴിൽവരുന്ന കെ.എൽ.ഡി.ബോർഡ് (കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ), കെ.എസ്.പി.ഡി.സി(കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ) തുടങ്ങിയ സ്ഥാപനങ്ങളിൽ നിലവിൽ എത്ര കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ ജോലി ചെയ്യുന്നുണ്ട്; | എ) കെ.എൽ.ഡി.ബോർഡിൽ നിലവിൽ 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ ജോലി ചെയ്യുന്നുണ്ട്. കെ.എസ്.പി.ഡി.സിയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്ന ഒരു തസ്തിക നിലവിലില്ല. |
| ബി) ഈ സ്ഥാപനങ്ങളിൽ പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; ഇത്തരം സ്ഥാപനങ്ങളിൽ സി.എ.മാരുടെ എണ്ണം നിശ്ചയിക്കുന്നത് അംഗീകൃത സ്റ്റാഫ് പാറ്റേണിന് അനുപാതികമായിട്ടാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ ; | ബി) കെ.എൽ.ഡി.ബി-യിൽ നിലവിൽ 13 കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ ഒഴിവുകൾ ഉണ്ട്. സർക്കാർ ഉത്തരവ് നം.181/90/എ.ഡി തീയതി 26/6/1990 പ്രകാരമുളള അംഗീകൃത സ്റ്റാഫ് പാറ്റേണിന് ആനുപാതികമായിട്ടാണ് കെ.എൽ.ഡി.ബി യിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ എണ്ണം നിശ്ചയിച്ചിട്ടുളളത്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത സ്ഥാപനങ്ങളിൽ പ്രത്യേകിച്ച് കെ.എൽ.ഡി. ബോർഡിൽ യഥാസമയം ട്രാൻസ്ഫർ നടത്താറുണ്ടോ; എങ്കിൽ സി.എ.മാരുടെ ട്രാൻസ്ഫർ ഏറ്റവും അവസാനം നടന്നതെന്നാണ്;തുടർച്ചയായി എത്ര വർഷത്തെ സർവ്വീസുളളവരെയാണ് സ്ഥലം മാറ്റുന്നത് എന്ന് വ്യക്തമാക്കുമോ? | സി) | കെ.എൽ.ഡി.ബോർഡിൽ സി.എ മാരുടെ ട്രാൻസ്ഫർ അവസാനമായി നടത്തിയിട്ടുളളത് 2007 ലാണ്. നിലവിൽ 3 കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ മാത്രമായതിനാലും അവരുടെ ഒന്നും തന്നെ ട്രാൻസ്ഫർ റിക്വസ്റ്റ് പെൻഡിംഗ് ഇല്ലാത്തതിനാലും ട്രാൻസ്ഫർ നടത്തിയിട്ടില്ല. |

Seela

സെക്ഷൻ ഓഫീസർ